ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും,

ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് പത്ത്

## ക്രിസ്തു—രാജ്യം സ്ഥാപിക്കുന്നവനും ദൈവവചനവും—രാജാധിരാജാവും കർത്താധികർത്താവും

JL Hymns: ML611

തിരുവെഴുത്ത് വായന: വെളി. 20:1-6; 19:11-16, 19-21

വെളി. 20:1 പിന്നെ ഞാൻ, കൈയിൽ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമുള്ള ഒരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു കണ്ടു.

വെളി. 20:2 അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും,

വെളി. 20:3 ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.

വെളി. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

വെളി. 20:5 മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് തീരുംവരെ ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം ആകുന്നു.

വെളി. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

വെളി. 19:11 പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

വെളി. 19:12 അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു, അവന്റെ തലയിൽ അനേകം മകുടങ്ങളും, അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്.

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

വെളി. 19:15 രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; അവൻ സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു.

വെളി. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

വെളി. 19:19 പിന്നെ കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗത്തെയും ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കൂട്ടിവരുത്തിയിരിക്കുന്നത് ഞാൻ കണ്ടു.

വെളി. 19:20 മൃഗത്തെയും അവനോടുകൂടെ, അവന്റെ സന്നിധിയിൽ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിന്റെ അടയാളം സ്വീകരിക്കുകയും അവന്റെ പ്രതിമയെ

ആരാധിക്കുകയും ചെയ്തവരെ വഞ്ചിച്ച കള്ളപ്രവാചകനെയും പിടികൂടി. ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ എറിഞ്ഞു കളഞ്ഞു.

വെളി. 19:21 ശേഷമുള്ളവരോ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാളാൽ കൊല്ലപ്പെട്ടു, അവരുടെ മാംസത്താൽ സകല പക്ഷികളും തൃപ്തരായി.

## I. ക്രിസ്തു രാജ്യം സ്ഥാപിക്കുന്നവനാണ്—വെളി. 20:1-6:

വെളി. 20:1 പിന്നെ ഞാൻ, കൈയിൽ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയുമുള്ള ഒരു ദൂതൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്നതു കണ്ടു.

വെളി. 20:2 അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും,

വെളി. 20:3 ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.

വെളി. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

വെളി. 20:5 മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് തീരുംവരെ ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം ആകുന്നു.

വെളി. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

A. തന്റെ ശത്രുക്കളോട് യുദ്ധം ചെയ്തതിനുശേഷം, ക്രിസ്തു ഭൂമിയിൽ ദൈവരാജ്യം, സഹസ്രാബ്ദ രാജ്യം സ്ഥാപിക്കുകയും തന്റെ ജയാളികളായ വിശ്വാസികളോടൊപ്പം ആയിരം വർഷം വാഴുകയും ചെയ്യും—വാ. 2.

   വെളി. 20:2 അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും,

B. ദൈവരാജ്യം വരുന്നതിനുള്ള ഒരുക്കമായി ഭൂമി മുഴുവനും ശുചിയാക്കപ്പെടണം.

C. ഒരു കാര്യം മാത്രം അവശേഷിക്കും, അത് എല്ലാ പ്രശ്നങ്ങളുടെയും സ്രോതസ്സായ സാത്താനാണ്.

D. സഹസ്രാബ്ദത്തെക്കുറിച്ചുള്ള ഒരു അധ്യായമായ വെളിപ്പാട് 20-ൽ പരാമർശിച്ചിരിക്കുന്ന ഒന്നാമത്തെ കാര്യം സാത്താനെ ബന്ധിക്കുന്നതാണ്:

   Rev 20 be omitted.

   1. കർത്താവ് സാത്താനെ ക്രൂശിൽ ന്യായം വിധിച്ചെങ്കിലും, ആ ന്യായവിധി ഇതുവരെ പൂർണമായി നടപ്പിലാക്കിയിട്ടില്ല.
   2. കർത്താവ് മടങ്ങിവരുമ്പോൾ, സാത്താന്റെ മേൽ ക്രൂശിൽ നിവർത്തിച്ച ന്യായവിധി അവൻ പൂർണമായും നടപ്പിലാക്കും.

3. സാത്താനെ ബന്ധിച്ച് അഗാധത്തിലേക്ക് എറിയും, അവൻ പ്രവർത്തിക്കുവാനോ ആരെയെങ്കിലും നശിപ്പിക്കുവാനോ ശക്തിയില്ലാത്തവനായിരിക്കും; അപ്പോൾ ഭൂമി ക്രിസ്തുവിന്റെ രാജ്യമായിത്തീരും.

E. വേദപുസ്തകത്തിലെ പ്രവചനങ്ങൾ അനുസരിച്ച്, സഹസ്രാബ്ദത്തിന് രണ്ട് ഭാഗങ്ങളുണ്ട്: സ്വർഗീയമായ മുകളിലുള്ള ഭാഗവും, ഭൗമികമായ താഴെയുള്ള ഭാഗവും:

1. സഹസ്രാബ്ദത്തിന്റെ മുകളിലുള്ള ഭാഗത്തെ പിതാവിന്റെ രാജ്യം എന്നും (മത്താ. 13:43) താഴെയുള്ള ഭാഗത്തെ മനുഷ്യപുത്രന്റെ രാജ്യം എന്നും വിളിക്കുന്നു (വാ. 41).

| | |
|---|---|
| മത്താ. 13:43 | അപ്പോൾ നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. കേൾക്കുവാൻ ചെവിയുള്ളവൻ കേൾക്കട്ടെ. |
| മത്താ. 13:41 | മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയയ്ക്കും, അവരോ അവന്റെ രാജ്യത്തിൽനിന്നും സകല ഇടർച്ചകളെയും അധർമം പ്രവർത്തിക്കുന്നവരെയും പുറത്തു കൂട്ടിവയ്ക്കുകയും, |

2. മശീഹായുടെ രാജ്യം അഥവാ മശീഹൈക രാജ്യം എന്നത് സഹസ്രാബ്ദത്തിന്റെ താഴെയുള്ള ഭാഗത്തിന്റെ മറ്റൊരു പേരാണ്.

F. രാജ്യം സ്ഥാപിക്കുന്നവനായ ക്രിസ്തു ജയാളികളായ വിശുദ്ധന്മാരോടൊപ്പം വാഴുമെന്ന് വെളിപ്പാട് 20:4-6 വെളിപ്പെടുത്തുന്നു:

| | |
|---|---|
| വെളി. 20:4 | പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു. |
| വെളി. 20:5 | മരിച്ചവരിൽ ശേഷമുള്ളവർ ആയിരമാണ്ട് തീരുംവരെ ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം ആകുന്നു. |
| വെളി. 20:6 | ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും. |

1. ജയാളികൾ യേശു ക്രിസ്തുവിന്റെ രാജ്യം കൊണ്ടുവരുന്നതിനാൽ, കർത്താവ് ആയിരം വർഷം വാഴും, ജയാളികളും ക്രിസ്തുവിനോടുകൂടെ ആയിരം വർഷം വാഴും.

2. വെളിപ്പാട് 20:4 പറയുന്നു, "ഞാൻ സിംഹാസനങ്ങളെ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി":

   a. *അവർ* എന്ന വാക്ക് ജയാളികളെ സൂചിപ്പിക്കുന്നു.

   b. അവർ ഇപ്പോൾ സിംഹാസനങ്ങളിന്മേൽ ഇരിക്കുന്നു, വിധിക്കുവാനുള്ള അധികാരം അവർക്ക് നൽകപ്പെട്ടിരിക്കുന്നു:

1) വിധിക്കുവാനുള്ള അധികാരം ഉണ്ടായിരിക്കുക എന്നാൽ രാജ്യം ഉണ്ടായിരിക്കുക എന്നാണ്—പ്ര.നി. ദാനീ. 7:10, 18, 22.

ദാനീ. 7:10 ഒരു അഗ്നിനദി അവന്റെ മുമ്പിൽനിന്നു പുറപ്പെട്ടു ഒഴുകി; ആയിരമായിരം പേർ അവന്നു ശുശ്രൂഷചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു; ന്യായവിസ്താരസഭ ഇരുന്നു; പുസ്തകങ്ങൾ തുറന്നു.

ദാനീ. 7:18 എന്നാൽ അത്യുന്നതനായവന്റെ വിശുദ്ധന്മാർ രാജത്വം പ്രാപിച്ചു എന്നേക്കും സദാകാലത്തേക്കും രാജത്വം അനുഭവിക്കും.

ദാനീ. 7:22 ആ കൊമ്പു വിശുദ്ധന്മാരോടു യുദ്ധം ചെയ്തു അവരെ ജയിക്കുന്നതു ഞാൻ കണ്ടു.

2) വെളിപ്പാട് 20-ന്റെ 4-ാം വാക്യം സൂചിപ്പിക്കുന്നത് ജയാളികൾ രാജ്യം പ്രാപിച്ചു എന്നും അവർ അത് ആസ്വദിക്കുന്നു എന്നുമാണ്.

വെളി. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

G. യേശുവിന്റെ മനുഷ്യത്വം അവരിലേക്ക് പണിയപ്പെടുന്നതിലൂടെ ജയാളികൾ ക്രിസ്തുവിനോടുകൂടെ വായുവാൻ യോഗ്യരായിത്തീരുന്നു—2:26.

വെളി. 2:26 ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

H. സഹസ്രാബ്ദത്തിൽ ക്രിസ്തുവിനോടുകൂടെ വാഴുന്ന ജയാളികൾ ശ്രേഷ്ഠമായ പുനരുത്ഥാനം ആസ്വദിക്കും:

1. വെളിപ്പാട് 20:6 “ഒന്നാമത്തെ പുനരുത്ഥാന”ത്തെക്കുറിച്ച് സംസാരിക്കുന്നു.
2. “വിശേഷ പുനരുത്ഥാനം” കൂടിയായ ഒന്നാമത്തെ പുനരുത്ഥാനം, അപ്പൊസ്തലനായ പൗലൊസ് അന്വേഷിച്ച അസാധാരണ പുനരുത്ഥാനമായിരുന്നു—ഫിലി. 3:11.

ഫിലി. 3:11 മരിച്ചവരിൽ നിന്നുള്ള വിശേഷ പുനരുത്ഥാനം ഞാൻ എങ്ങനെയെങ്കിലും പ്രാപിക്കേണ്ടതിന്, അവൻ നിമിത്തം ഞാൻ സകലത്തിന്റെയും നഷ്ടം സഹിച്ച് അവ ചവറെന്ന് എണ്ണുന്നു.

I. വെളിപ്പാട് 20:6 പറയുന്നു, “ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു”; ഇത് ഭൂമിയിൽ പ്രകടമാകുന്ന രാജ്യം അവകാശമാക്കുവാനും അതിനുള്ളിൽ രാജാക്കന്മാരാകുവാനുമുള്ള ഏറ്റവും ഉന്നത അനുഗ്രഹമായിരിക്കണം.

J. "അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും" (വാ. 6); ജയാളികൾ ദൈവത്തെ ബന്ധപ്പെടുവാൻ

പുരോഹിതന്മാരും സഹസ്രാബ്ദത്തിൽ രാഷ്ട്രങ്ങളുടെമേൽ ഭരിക്കുവാൻ ക്രിസ്തുവിനോടുകൂടെ സഹരാജാക്കന്മാരുമായിരിക്കും (2:26-27; 12:5).

വെളി. 2:26 ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

വെളി. 2:27 മൺപാത്രങ്ങൾ കഷ്ണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും;

വെളി. 12:5 അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു.

## II. വെളിപ്പാട് 19:11-16-ലും 19-21-ലും ക്രിസ്തുവിനെ ദൈവവചനമായി—രാജാധിരാജാവും കർത്താധികർത്താവും—വെളിപ്പെടുത്തിയിരിക്കുന്നു:

വെളി. 19:11 പിന്നെ ഞാൻ സ്വർഗം തുറക്കപ്പെട്ടതു കണ്ടു, ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു.

വെളി. 19:12 അവന്റെ കണ്ണുകൾ അഗ്നിജ്വാലയാകുന്നു, അവന്റെ തലയിൽ അനേകം മകുടങ്ങളും, അവനല്ലാതെ ആർക്കും അറിയാത്ത എഴുതപ്പെട്ടിരിക്കുന്ന ഒരു നാമവും അവനുണ്ട്.

വെളി. 19:13 അവൻ രക്തത്തിൽ മുക്കിയ വസ്ത്രം ധരിച്ചിരിക്കുന്നു; അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു.

വെളി. 19:14 സ്വർഗത്തിലെ സൈന്യം വെണ്മയും വെടിപ്പുമുള്ള നേരിയ ചണനൂൽ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്ത് അവനെ അനുഗമിച്ചു.

വെളി. 19:15 രാഷ്ട്രങ്ങളെ വെട്ടേണ്ടതിന് അവന്റെ വായിൽനിന്ന് മൂർച്ചയേറിയ വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയ്ക്കും; അവൻ സർവശക്തനായ ദൈവത്തിന്റെ ക്രോധവും കോപവുമായ വീഞ്ഞിന്റെ മുന്തിരിച്ചക്ക് മെതിക്കുന്നു.

വെളി. 19:16 അവന്റെ വസ്ത്രത്തിന്മേലും തുടമേലും, രാജാധിരാജാവും കർത്താധികർത്താവും എന്ന് എഴുതിയിരിക്കുന്ന നാമമുണ്ട്.

വെളി. 19:19 പിന്നെ കുതിരപ്പുറത്തിരിക്കുന്നവനോടും അവന്റെ സൈന്യത്തോടും യുദ്ധം ചെയ്യുവാൻ മൃഗത്തെയും ഭൂരാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും കൂട്ടിവരുത്തിയിരിക്കുന്നത് ഞാൻ കണ്ടു.

വെളി. 19:20 മൃഗത്തെയും അവനോടുകൂടെ, അവന്റെ സന്നിധിയിൽ താൻ ചെയ്ത അടയാളങ്ങളാൽ മൃഗത്തിന്റെ അടയാളം സ്വീകരിക്കുകയും അവന്റെ പ്രതിമയെ ആരാധിക്കുകയും ചെയ്തവരെ വഞ്ചിച്ച കള്ളപ്രവാചകനെയും പിടികൂടി. ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിലേക്ക് ജീവനോടെ എറിഞ്ഞു കളഞ്ഞു.

വെളി. 19:21 ശേഷമുള്ളവരോ കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാളാൽ കൊല്ലപ്പെട്ടു, അവരുടെ മാംസത്താൽ സകല പക്ഷികളും തൃപ്തരായി.

A. തന്റെ വിവാഹവിരുന്നിനുശേഷം (വാ. 7) തന്റെ സൈന്യമായ, ജയാളികളായ വിശ്വാസികളായ, തന്റെ മണവാട്ടിയോടൊപ്പം ക്രിസ്തു പോരാടുന്ന സേനാധിപനായി വരും; മനുഷ്യൻ കർത്താധികർത്താവും രാജാധിരാജാവും ആയവനെതിരെ നേരിട്ട് യുദ്ധം ചെയ്യും:

വെളി. 19:7 നാം സന്തോഷിച്ചുല്ലസിച്ച്, അവനു മഹത്വം കൊടുക്കുക, കുഞ്ഞാടിന്റെ വിവാഹം വന്നുവല്ലോ, അവന്റെ കാന്തയും തന്നെത്താൻ ഒരുക്കിയിരിക്കുന്നു.

1. എതിർക്രിസ്തുവും കള്ളപ്രവാചകനും പത്തു രാജാക്കന്മാരും അവരുടെ സൈന്യങ്ങളും കുഞ്ഞാടിനെതിരെ യുദ്ധം ചെയ്യും.
2. ഈ യുദ്ധം ഭൂമിയും സ്വർഗവും തമ്മിലുള്ള പോരാട്ടമായിരിക്കും, മനുഷ്യൻ ദൈവത്തിനെതിരെ നടത്തുന്ന പോരാട്ടമായിരിക്കും.
3. ക്രിസ്തുവിന്റെ ശത്രുക്കൾ കൂടുതൽ ദുഷ്ടന്മാരായിത്തീരും, അവർ അവനെതിരെ യുദ്ധം പ്രഖ്യാപിക്കുക പോലും ചെയ്യും.
4. മനുഷ്യന് ദൈവത്തിനെതിരെ യുദ്ധം പ്രഖ്യാപിക്കാൻ കഴിയുമെന്നത് തീർച്ചയായും അത്ഭുതകരമാണ്.
5. അവർക്കെതിരെ പോരാടാൻ മണവാളനായ ക്രിസ്തു തന്റെ മണവാട്ടിയോടൊപ്പം വരും.

B. "ഇതാ, ഒരു വെള്ളക്കുതിര, അതിന്മേൽ ഇരിക്കുന്നവനെ വിശ്വസ്തനും സത്യവാനും എന്നു വിളിക്കുന്നു, അവൻ നീതിയിൽ ന്യായം വിധിക്കുകയും യുദ്ധം ചെയ്യുകയും ചെയ്യുന്നു"—വാ. 11:
1. *വിശ്വസ്തനും സത്യവാനും* എന്നത് ക്രിസ്തുവിന്റെ അഭിധാനം ആയിരിക്കും.
2. ക്രിസ്തു ദൈവത്തോടും തന്നിൽ വിശ്വസിക്കുന്നവരോടും വിശ്വസ്തനാണ്.
3. ദൈവത്തെ എതിർക്കുന്നവരെയും വിശ്വാസികളെ ഉപദ്രവിക്കുന്നവരെയും അവൻ തന്റെ വിശ്വസ്തതയിൽ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുന്നു.
4. ദൈവത്തിന്റെ വ്യവസ്ഥ നടപ്പാക്കുന്നതിലും തന്നിൽ വിശ്വസിക്കുന്നവരെ കരുതുന്നതിലും അവൻ സത്യവാനാണ്.

C. വെള്ളക്കുതിരപ്പുറത്ത് ഇരിക്കുന്ന, ദൈവത്തിന്റെ വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ ക്രിസ്തു, നീതിയോടെ ന്യായം വിധിക്കുകയും, യുദ്ധം ചെയ്യുകയും ചെയ്യുന്നു.
1. അധർമത്തിന്റെ മർമ്മെന്ന നിലയിൽ ഇന്ന് ലോകത്തിൽ വ്യാപരിക്കുകയും അധർമത്തിന്റെ മനുഷ്യനായ എതിർക്രിസ്തുവിൽ പരിണമിക്കുകയും ചെയ്യുന്ന സാത്താന്റെ അനീതിയുടെ ശക്തിക്കെതിരെ പോരാടാൻ ക്രിസ്തു മടങ്ങിവരും—2 തെസ്സ. 2:3, 7-8.

| | |
|---|---|
| 2 തെസ്സ. 2:3 | ആരും ഒരു രീതിയിലും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ, എന്തുകൊണ്ടെന്നാൽ ആദ്യം വിശ്വാസത്യാഗം വരാതെയും, നാശത്തിന്റെ പുത്രനായ അധർമത്തിന്റെ മനുഷ്യൻ വെളിപ്പെടാതെയും അത് വരുകയില്ല. |
| 2 തെസ്സ. 2:7 | അധർമത്തിന്റെ മർമം ആകുന്നു ഇപ്പോൾ വ്യാപരിക്കുന്നത്, എന്നാൽ ഇപ്പോൾ തടുക്കുന്നവൻ വഴിയിൽ നിന്ന് നീങ്ങിപ്പോകുന്നതുവരെ മാത്രം. |
| 2 തെസ്സ. 2:8 | അപ്പോൾ അധർമിയായവൻ വെളിപ്പെടും (അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ നിഗ്രഹിക്കുകയും തന്റെ വരവിന്റെ പ്രത്യക്ഷതയാൽ ഒന്നുമല്ലാതാക്കുകയും ചെയ്യും), |

2. മുഴു ലോകവും അനീതിയുടെ സാത്താന്യ ശക്തിയിൻ കീഴിലാണ്.
3. എതിർക്രിസ്തുവും അവന്റെ എല്ലാ കൂട്ടാളികളും ചെയ്യുന്ന അനീതിക്കെതിരെ യുദ്ധം ചെയ്യുവാൻ ക്രിസ്തു നീതിയിൽ മടങ്ങിവരും.

4. ക്രിസ്തു നീതിയിൽ ന്യായംവിധിക്കും എന്നുമാത്രമല്ല, നീതിയിൽ പോരാടുകയും ചെയ്യും; അവൻ യുദ്ധം ചെയ്തുകൊണ്ട് ന്യായംവിധിക്കുന്നു.

D. “അവനു ദൈവവചനം എന്നു പേർ വിളിക്കപ്പെടുന്നു”—വെളി. 19:13:

1. ഇത് സൂചിപ്പിക്കുന്നത് കർത്താവ് താൻതന്നെയാണ് ദൈവവചനം എന്നാണ്.
2. കർത്താവിന് ദൈവവചനം എന്ന് പേർ വിളിക്കപ്പെടുന്നതിന്റെ അർഥം അവൻ ദൈവത്തിന്റെ ആവിഷ്കാരവും, സാക്ഷ്യവും, സംസാരവും ആകുന്നു എന്നാണ്.
3. ദൈവവചനം ദൈവത്തിന്റെ നിർവചനവും, വിശദീകരണവും, ആവിഷ്കാരവുമാണ്.
4. ദൈവത്തെ അറിയണമെങ്കിൽ, ദൈവവചനമെന്ന നിലയിൽ നാം ക്രിസ്തുവിനെ വായിക്കുകയും പഠിക്കുകയും നോക്കുകയും ധ്യാനിക്കുകയും ഉറ്റുനോക്കുകയും വേണം.

E. വെളിപ്പാട് 19-ൽ, ദൈവവചനമെന്ന നിലയിൽ, മത്സരികളായ ജനത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിലൂടെ ക്രിസ്തു ദൈവത്തിനുവേണ്ടി സംസാരിക്കുന്നു:

Rev 19 be omitted.

1. കർത്താവ് പോരാടുമ്പോൾ പോലും ദൈവത്തിനുവേണ്ടി സംസാരിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു.
2. ദൈവം കലക്കത്തിന്റെ ദൈവമല്ല; അവൻ നീതിമാനും സർവാധികാരിയുമാണ്; അവൻ ക്രമത്തിന്റെ ദൈവവുമാണ്, അതിനാൽ, അവന് ക്രമക്കേടും മത്സരവും സഹിക്കാൻ കഴിയില്ല.
3. ക്രിസ്തു ശത്രുവിനെതിരെ പോരാടുമ്പോൾ, ദൈവം സർവാധികാരിയും, നീതിമാനും, ക്രമമുള്ളവനും ആണെന്ന് അവൻ സംസാരിക്കും.
4. ദൈവം എല്ലാവരുടെയും മേലുള്ള ദൈവമാണെന്നും തന്റെ അധികാരത്തിനെതിരായ മത്സരം അവൻ സഹിക്കുകയില്ലെന്നും അവൻ പ്രഖ്യാപിക്കും.
5. യോദ്ധാവ് വചനമാണ്; അവന്റെ പോരാട്ടം ദൈവവചനത്തിന്റെ സംസാരമാണ്.
6. ഹർമ്മഗെദ്ദോനിൽ വച്ചുള്ള യുദ്ധത്തിൽ കർത്താവിന്റെ പോരാട്ടം ശക്തമായ ഒരു സംസാരമായിരിക്കും:
   a. ദൈവം സർവാധികാരിയാണെന്നും ആർക്കും അവനെതിരെ മത്സരിക്കാൻ കഴിയില്ലെന്നും സാത്താനോടും, എതിർക്രിസ്തുവിനോടും, കള്ളപ്രവാചകനോടും, മുഴുവൻ പ്രപഞ്ചത്തോടും അത് പറയും.
   b. ക്രമത്തിന്റെ ദൈവം സകല മത്സരത്തെയും തുടച്ചുനീക്കും.

**III. ക്രിസ്തു ഭൂമിയെ കൈവശമാക്കിയശേഷം, തന്റെ ജയാളികളായ വിശ്വാസികളോടുകൂടെ രാഷ്ട്രങ്ങളുടെമേൽ ഭരിച്ചുകൊണ്ട് രാജ്യത്തിലെ രാജാവായി ഭൂമിയിൽ വാഴും—20:4, 6; 2:26-27:**

വെളി. 20:4 പിന്നെ ഞാൻ സിംഹാസനങ്ങൾ കണ്ടു, അവർ അതിന്മേൽ ഇരുന്നു, അവർക്കു ന്യായംവിധിക്കുവാൻ അധികാരം നൽകി. യേശുവിന്റെ സാക്ഷ്യം നിമിത്തവും ദൈവവചനം നിമിത്തവും തല ഛേദിക്കപ്പെട്ടവരുടെയും, മൃഗത്തെയും അവന്റെ പ്രതിമയെയും ആരാധിക്കാതെയും നെറ്റിമേലും

കൈമേലും അടയാളം സ്വീകരിക്കാതെയും ഇരുന്നവരുടെയും ദേഹികളെ ഞാൻ കണ്ടു; അവർ ക്രിസ്തുവിനോടുകൂടെ ആയിരമാണ്ട് ജീവിക്കുകയും വാഴുകയും ചെയ്തു.

വെളി. 20:6 ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ അനുഗൃഹീതനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന് അധികാരം ഇല്ല, അവർ ദൈവത്തിന്റെയും ക്രിസ്തുവിന്റെയും പുരോഹിതന്മാരായി ആയിരമാണ്ട് അവനോടുകൂടെ വാഴും.

വെളി. 2:26 ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും;

വെളി. 2:27 മൺപാത്രങ്ങൾ കഷ്ണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും;

A. വരുവാനുള്ള രാജാവെന്ന നിലയിൽ, സഹസ്രാബ്ദത്തിലെ വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ തലയും കേന്ദ്രവും അവനായിരിക്കും.

B. ഇത് യെശയ്യാവ് 32:1, യിരെമ്യാവ് 23:5, സെഖര്യാവ് 14:9, 17 എന്നിവയുടെ പൂർത്തീകരണമായിരിക്കും.

യെശ. 32:1 ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും.

യിരെ. 23:5 ഞാൻ ദാവീദിന്നു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും.

സെഖ. 14:9 യഹോവ സർവ്വഭൂമിക്കും രാജാവാകും; അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും.

സെഖ. 14:17 ഭൂമിയിലെ സകലവംശങ്ങളിലും ആരെങ്കിലും സൈന്യങ്ങളുടെ യഹോവയായ രാജാവിനെ നമസ്കരിപ്പാൻ യെരൂശലേമിലേക്കു വരാത്തപക്ഷം അവർക്കു മഴയുണ്ടാകയില്ല.

C. ക്രിസ്തു ഭൂമിയെയും അതിലെ സകല ജനത്തെയും രാജ്യത്തിന്റെ മണ്ഡലവും ഘടകാംശങ്ങളുമാകുവാൻ വീണ്ടെടുക്കുകയും (കൊലൊ. 1:20), രാജ്യം വാങ്ങുവാൻ അവൻ തനിക്കുള്ളതെല്ലാം വിൽക്കുകയും (മത്താ. 13:44), സാത്താന്റെ അപഹരണത്തിൽനിന്ന് ഭൂമിയെയും അതിലെ സകല ജനങ്ങളെയും അവൻ രക്ഷിക്കുകയും ചെയ്തു (വെളി. 20:2-3).

കൊലൊ. 1:20 ഭൂമിയിലുള്ളതാകട്ടെ സ്വർഗത്തിലുള്ളതാകട്ടെ അവനിലൂടെ—അവന്റെ ക്രൂശിലെ രക്തം മുഖാന്തരം സമാധാനം ഉണ്ടാക്കിയിട്ട്, സകലവും അവനിലൂടെ അവനോടുതന്നെ നിരപ്പിക്കുവാനും പ്രസാദം തോന്നി.

മത്താ. 13:44 സ്വർഗരാജ്യം വയലിൽ മറഞ്ഞിരുന്ന നിധിയോട് സദൃശം, അതിനെ ഒരു മനുഷ്യൻ കണ്ടെത്തിയിട്ട് മറച്ചുവച്ച്, തന്റെ സന്തോഷത്തിൽ പോയി തനിക്കുള്ളതെല്ലാം വിറ്റ് ആ വയൽ വാങ്ങുന്നു.

വെളി. 20:2 അവൻ പിശാചും സാത്താനും എന്ന, പുരാതന സർപ്പമായ വ്യാളിയെ പിടിക്കുകയും, അവനെ ആയിരം സംവത്സരത്തേക്കു ബന്ധിക്കുകയും,

വെളി. 20:3 ആയിരം സംവത്സരം പൂർത്തിയാകുന്നതുവരെ രാഷ്ട്രങ്ങളെ ഇനിമേൽ വഞ്ചിക്കാതിരിക്കേണ്ടതിന്, അവനെ അഗാധത്തിലേക്ക് എറിയുകയും അതിനെ അടച്ച് അവനു മീതെ അതിനെ മുദ്രയിടുകയും ചെയ്തു; ഈ കാര്യങ്ങൾക്കുശേഷം അവനെ അൽപനേരത്തേക്ക് അഴിച്ചു വിടേണ്ടതാകുന്നു.

D. പുനഃസ്ഥാപിക്കപ്പെട്ട ഭൂമിയുടെയും പുനഃസ്ഥാപിക്കപ്പെട്ട രാഷ്ട്രങ്ങളുടെയും രാജാവാകുവാനുള്ള പൂർണ അവകാശം അവനുണ്ടായിരിക്കും.

E. അവന്റെ വരാനിരിക്കുന്ന വാഴ്ച്ചയിൽ ദൈവത്തിന്റെ അധികാരവും തേജസ്സും പൂർണമായി വെളിവാകും (മത്താ. 6:13), മുഴുവൻ ഭൂമിയും അതിലെ ജനവും നീതിയിലേക്കും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും ദൈവത്തിന്റെ സൃഷ്ടിയുടെ പൂർണ അനുഗ്രഹത്തിലേക്കും കൊണ്ടുവരപ്പെടും (യെശ. 32:1, 16-18; 35:1-2, 5-7)

| | |
|---|---|
| മത്താ. 6:13 | ഞങ്ങളെ പരീക്ഷയിലേക്കു കൊണ്ടുവരാതെ, ദുഷ്ടനിൽനിന്ന് ഞങ്ങളെ വിടുവിക്കേണമേ; എന്തെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിന്റേതാകുന്നു. ആമേൻ. |
| യെശ. 32:1 | ഒരു രാജാവു നീതിയോടെ വാഴും; പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും. |
| യെശ. 32:16 | അന്നു മരുഭൂമിയിൽ ന്യായം വസിക്കും; ഉദ്യാനത്തിൽ നീതി പാർക്കും. |
| യെശ. 32:17 | നീതിയുടെ പ്രവൃത്തി സമാധാനവും നീതിയുടെ ഫലം ശാശ്വതവിശ്രാമവും നിർഭയതയും ആയിരിക്കും. |
| യെശ. 32:18 | എന്റെ ജനം സമാധാനനിവാസത്തിലും നിർഭയവസതികളിലും സ്വൈരമുള്ള വിശ്രാമസ്ഥലങ്ങളിലും പാർക്കും. |
| യെശ. 35:1 | മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പം പോലെ പൂക്കും. |
| യെശ. 35:2 | അതു മനോഹരമായി പൂത്തു ഉല്ലാസത്തോടും ഘോഷത്തോടും കൂടെ ഉല്ലസിക്കും; ലെബാനോന്റെ മഹത്വവും കർമ്മേലിന്റെയും ശാരോന്റെയും ശോഭയും അതിന്നു കൊടുക്കപ്പെടും; അവർ യഹോവയുടെ മഹത്വവും നമ്മുടെ ദൈവത്തിന്റെ തേജസ്സും കാണും. |
| യെശ. 35:5 | അന്നു കുരുടന്മാരുടെ കണ്ണു തുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. |
| യെശ. 35:6 | അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമന്റെ നാവും ഉല്ലസിച്ചു ഘോഷിക്കും; മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു തോടുകളും പൊട്ടി പുറപ്പെടും. |
| യെശ. 35:7 | മരീചിക ഒരു പൊയ്കയായും വരണ്ടനിലം നീരുറവുകളായും തീരും; കുറുക്കന്മാരുടെ പാർപ്പിടത്തു, അവ കിടന്ന സ്ഥലത്തുതന്നെ, പുല്ലും ഓടയും ഞാങ്ങണയും വളരും. |